## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1549 — 21.03.2012 ൽ മറുപടിയ്ക്ക്

### <u>കടക്കെണിയിൽപ്പെട്ട കർഷകരെ രക്ഷിക്കാൻ നടപടികൾ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു: കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | വയനാട് ജില്ലയിൽ ഈയടുത്തകാലത്ത് കടക്കെണിമൂലം എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്ന് വ്യക്തമാക്കാമോ; | (എ) | ജില്ലാ കളക്ടർമാർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം വയനാട് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 16 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. |
| (ബി) | കടക്കെണിയിൽപ്പെട്ട കർഷകരെ രക്ഷിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ; | (ബി) | വയനാട് ജില്ലയിൽ കാർഷിക പ്രതിസന്ധിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കർഷകരുടെ വായ്പാതിരിച്ചടവിന് സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയം സംബന്ധിച്ച ഉത്തരവ് ബന്ധപ്പെട്ട ധനമിടപാടുസ്ഥാപനങ്ങൾക്ക് എന്നാണ് ലഭ്യമാക്കിയത്; | (സി) | 23.12.2011 ന്. |
| (ഡി) | ജില്ലയിലെ ഏതെല്ലാം മേഖലകളിലുള്ള ധനമിടപാടുസ്ഥാപനങ്ങൾക്കാണ് ഉത്തരവ് ലഭ്യമാക്കിയിട്ടുള്ളത്; | (ഡി) | സഹകരണ ബാങ്കുകൾക്കും ഹൗസിംഗ് ബോർഡ്, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, സംസ്ഥാന സർക്കാർ ഏജൻസികൾ എന്നിവയ്ക്ക് |
| (ഇ) | മൊറട്ടോറിയം സംബന്ധിച്ച വ്യവസ്ഥകൾ ബന്ധപ്പെട്ട ധനമിടപാടുസ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | ജില്ലയിൽ എല്ലാ മാസവും നടക്കുന്ന റവന്യൂ റിക്കവറി അവലോകന യോഗത്തിലും ജില്ലയിലെ ബാങ്കുകളെ ഉൾക്കൊള്ളിച്ചുള്ള DLBC, BLDC എന്നീ യോഗങ്ങളിലും മൊറട്ടോറിയം സംബന്ധിച്ച് ചർച്ചകൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ